ഞങ്ങളെ നയിച്ചശേഷം നിത്യസ്വസ്ഥതയിൽ ചേർക്കപ്പെട്ട മെത്രാപ്പോലീത്താ തിരുമേനിയുടെ ധന്യ ജീവിതത്തിനായും, ദൈവത്തിന്റെ കുഞ്ഞുങ്ങളായി ഞങ്ങളെ യേശുക്രിസ്തു വിലേക്ക് വഴി നടത്തുവാൻ നിയോഗിക്കപ്പെട്ട സൺഡേസ്കൂൾ പ്രസ്ഥാനത്തിനായും പ്രത്യേകമായി മാർത്തോമ്മാ സൺഡേ സ്കൂൾ സമാജത്തിനായും അവയിലൂടെയെല്ലാം വെളിവാകുന്ന ദൈവരാജ്യ പദ്ധതികൾക്കായും ജീവിത ദർശനങ്ങൾക്കായും ദൈവമേ...

പ്രതി : *"ഞങ്ങൾ നിനക്ക് സ്തോത്രം കരേറ്റുന്നു"*

**സമർപ്പണ പ്രാർത്ഥന**

ഞങ്ങളെ സ്നേഹിച്ചു പരിപാലിക്കുന്ന ഞങ്ങളുടെ ദൈവമേ, അഖിലലോക സൺഡേസ്കൂൾ ദിനമായ ഇന്ന്, ഞങ്ങളെ മുറ്റുമായി തിരുസന്നിധി യിൽ തരുന്നു. ദൈവവചനത്തിന്റെ വഴികളിലൂടെ സഞ്ച രിക്കുവാനും, ദൈവ ത്തെ സ്നേഹിക്കുവാനും, ശുശ്രൂഷിക്കുവാനും, ദൈവഹിതപ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാനും, മാതാപിതാക്ക ളെയും മുതിർന്നവരെയും ആദരിപ്പാനും, ബഹുമാനപൂർവ്വം ഞങ്ങളുടെ അദ്ധ്യാപകരെ സ്നേഹിപ്പാനും, കരുതലും ദയയുമുള്ള വാക്കിനാലും പ്രവർത്തിയാലും കളങ്കമില്ലാത്ത ജീവിതമായി രൂപപ്പെടുവാനും ഞങ്ങളെ സമ്പൂർണ്ണമായി സമർപ്പിക്കുന്നു. ആമേൻ



# മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

# അഖിലലോക സൺഡേസ്കൂൾ ദിനം

## 2020 നവംബർ 1, ഞായർ

## ആരാധനക്രമം

*(മാർത്തോമ്മാ മെത്രാപ്പൊലീത്താ ഇൻചാർജ് അംഗീകരിച്ചത്)*

**ആരാധനാഹ്വാനം**

യഹോവയ്ക്ക് ഒരു പുതിയ പാട്ട് പാടുവിൻ; സകല ഭൂവാസി കളുമായു ള്ളോരേ, യഹോവയ്ക്കു പാടുവിൻ. യഹോവയ്ക്ക് പാടി അവന്റെ നാമത്തെ വാഴ്ത്തുവിൻ; നാൾതോറും അവന്റെ രക്ഷയെ പ്രസിദ്ധമാക്കുവിൻ (സങ്കീ. 96:1-2)

**ഗാനം : ക്രിസ്തീയ കീർത്തനങ്ങൾ**

**കൗമാ :**

**പ്രാരംഭ പ്രാർത്ഥന**

കാരുണ്യവാനായ ദൈവമേ, അഖിലലോക സൺഡേസ്കൂൾ ദിനത്തിൽ ഞങ്ങൾക്ക് ഒരുമിച്ച് അങ്ങയെ ആരാധിപ്പാൻ അവസരം ലഭിച്ചതിനായി സ്തോത്രം ചെയ്യുന്നു. ശിശുക്കളെ അരികിലണച്ച് അനുഗ്രഹിക്കുകയും, ശിശുക്കളെപ്പോലെ ആയിരിപ്പാൻ പഠിപ്പിക്കുകയും ചെയ്ത നാഥാ, അങ്ങയുടെ മാതൃക പിന്തുടരുവാൻ ഞങ്ങളെ സഹായിക്കേണമേ. സൺഡേസ്കൂൾ വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന ദൈവീകാനുഭവം ആഴമായ സമർപ്പണ ജീവിതത്തിനു ഞങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യണമെന്ന് യേശുവിൻ നാമത്തിൽ ഞങ്ങൾ അപേക്ഷിക്കുന്നു. ആമേൻ

**അനുതാപ പ്രാർത്ഥന**

**പട്ടക്കാരൻ** : *"എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു തമ്മിൽ തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു ഒരുവന്നു വേണ്ടി ഒരുവൻ പ്രാർത്ഥി പ്പിൻ. നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോബ് 5:16).*

*ഓരോ പ്രാർത്ഥനയ്ക്കു ശേഷവും **"കരുണയുള്ള ദൈവമേ, ഞങ്ങളോട് മനസ്സലിയണമേ"** എന്ന് പ്രതിവാക്യമായി പറയണം.*

വിദ്യാ.: ദൈവവചന പഠനവും, മാതാപിതാക്കളോടൊപ്പമുള്ള കുടുംബപ്രാർത്ഥനയും ആരാധനയും ഈ പ്രതിസന്ധികളുടെ കാലത്ത് ഏറെ വിലയുള്ളതെന്നറിഞ്ഞിട്ടും, അലസതയോടെ ദൈവവചന പഠനത്തെ കണ്ടതും, അലംഭാവത്തോടെ കുടുംബാരാധനയെ സമീപിച്ചതുമായ ഞങ്ങളുടെ കുറവുകളെ...

പ്രതി : *'കരുണയുള്ള ദൈവമേ, ഞങ്ങളോട് മനസ്സലിയണമേ"*

വിദ്യാ.: കോവിഡ്-19 എന്ന മഹാമാരിയുടെ കാലത്ത് ദൈവം തന്ന താലന്തുകളും കഴിവുകളും മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും മുതിർന്നവരുടെയും ക്ഷേമത്തിനും സന്തോഷത്തിനുമായി വിനിയോഗിക്കാതെ അലസരായി ഞങ്ങളിലേക്ക് തന്നെ ഉൾവലിഞ്ഞുപോയ കുറവുകളെ...

പ്രതി : *'കരുണയുള്ള ദൈവമേ, ഞങ്ങളോട് മനസ്സലിയണമേ"*

വിദ്യാ. : സൺഡേസ്കൂൾ ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ വിശ്വാസ ജീവിതത്തെ ഭവനാന്തരീക്ഷത്തിൽ പരിപോഷിപ്പിക്കുവാൻ ശ്രമിച്ച മുതിർന്നവരേയും, മാതാപിതാക്കളേയും ശ്രദ്ധിക്കാതെ പോയതും, അവരോടൊപ്പം സമാജവും സൺഡേസ്കൂളുകളും ഓൺലൈൻ സംവിധാനത്തിലൂടെ നടത്തിയ പരിശ്രമങ്ങളെ വേണ്ടവിധം ഗൗരവത്തിലെടുക്കാതെ പോയ ഞങ്ങളുടെ കുറവുകളെ...

പ്രതി : *'കരുണയുള്ള ദൈവമേ, ഞങ്ങളോട് മനസ്സലിയണമേ"*

വിദ്യാ.: ജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളിൽ അനുഗ്രഹിക്കപ്പെട്ടിട്ടും അത് മറ്റുള്ളവരുമായി പങ്ക് വയ്ക്കാതെ, മറ്റുള്ളവർക്ക് സഹായമേകാതെ, മുതിർന്നവരെ ബഹുമാനിക്കാതെ, പ്രയാസത്തിലിരിക്കുന്നവരെ ഓർത്ത് പ്രാർത്ഥിക്കാതെ ദൈവ പൈതലെന്ന സാക്ഷ്യത്തിൽ നിന്നും അകന്നു പോയ ഞങ്ങളുടെ കുറവുകളെ...

പ്രതി : *"കരുണയുള്ള ദൈവമേ, ഞങ്ങളോട് മനസ്സലിയണമേ"*



**സ്തോത്ര പ്രാർത്ഥന**

*എല്ലാറ്റിന്നും സ്തോത്രം ചെയ്വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ചു ക്രിസ്തുയേശുവിൽ ദൈവേഷ്ടം" (1 തെസ്സ.5:18)*

*ഓരോ പ്രാർത്ഥനയ്ക്കു ശേഷവും **"ഞങ്ങൾ നിനക്ക് സ്തോത്രം കരേറ്റുന്നു"** എന്ന് പ്രതിവാക്യമായി പറയണം.*

വിദ്യാ. : ഈ മഹാമാരിയുടെ കാലത്ത് കുഞ്ഞുങ്ങളുടെ പരിമിതികൾ മനസ്സിലാക്കി അവരെ ഏറ്റവും സുരക്ഷിതമാക്കുവാൻ അദ്ധ്വാനിക്കുന്ന സർക്കാർ സംവിധാനങ്ങൾ, ആരോഗ്യ പ്രവർത്തകർ, അംഗനവാടി ടീച്ചേഴ്സ്, ആശാവർക്കർമാർ എന്നിവർക്കായും, കോവിഡ് പോരാട്ടത്തിലായിരിക്കുന്ന എല്ലാ മുന്നണി പ്രവർത്തകർ ക്കായും ദൈവമേ...

പ്രതി : *"ഞങ്ങൾ നിനക്ക് സ്തോത്രം കരേറ്റുന്നു"*

വിദ്യാ. : ദൈവിക ബന്ധത്തിൽ നിലനിർത്തുവാൻ ഞങ്ങളെ പ്രാർത്ഥനയിൽ കരുതുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഏവർക്കുമായി, പ്രത്യേകമായി ഞങ്ങളുടെ ഇടവകാംഗങ്ങൾ, വികാരി അച്ചൻ, സൺഡേസ്കൂൾ അദ്ധ്യാപകർ എന്നിവർക്കായും അവരിലൂടെ ലഭിക്കുന്ന വിശ്വാസ പരിപോഷണങ്ങൾക്കും,ദൈവവചനത്തിലൂടെ നൽകപ്പെട്ടിരിക്കുന്ന പരിപാലനത്തിനായും ദൈവമേ...

പ്രതി : *'ഞങ്ങൾ നിനക്ക് സ്തോത്രം കരേറ്റുന്നു"*

വിദ്യാ. : ദൈവവചനത്തെ കുഞ്ഞുങ്ങൾക്ക് വേണ്ടി ക്രിസ്തുവിന്റെ സ്നേഹമാകുന്ന ഭാഷയിൽ ഞങ്ങൾക്ക് കഥകളിലൂടെയും, പാട്ടുകളിലൂടെയും, കളികളിലൂടെയും, ഓൺലൈൻ മാധ്യമങ്ങളിലൂടെയും പഠിപ്പിച്ചു തരുന്ന ഏവർക്കുമായും പ്രത്യേകമായി അതിന് വേണ്ടി അത്യദ്ധ്വാനം ചെയ്യുന്ന സകലർക്കുമായും അതിലൂടെ യെല്ലാം ദൈവരാജ്യ പ്രവർത്തനത്തിൽ വ്യാപരിക്കുന്ന ക്രിസ്തീയ സാക്ഷ്യത്തിനായും, സുവിശേഷ ദർശനത്തിനായും ദൈവമേ...

പ്രതി : *"ഞങ്ങൾ നിനക്ക് സ്തോത്രം കരേറ്റുന്നു"*

വിദ്യാ. : ക്രിസ്തുയേശുവിലൂടെയുള്ള ദൈവസ്നേഹത്തിന്റെ രക്ഷണ്യപദ്ധതിയെ ലോകത്തിലാക്കിയിരിക്കുന്ന തിരുസഭയ്ക്കായും, സഭയുടെ വ്യത്യസ്ത ശുശ്രൂഷകർക്കായും, ദീർഘകാലം